(ബി) 1996-97, 1997-98 വർഷങ്ങളിൽ സ്പിൽവേയ്ക്ക് മുന്നിലെ മാർഗ്ഗ തടസ്സം കാരണം കേരളത്തിനുണ്ടായ ജലനഷ്ടം എത്ര ഘനഅടി ആണെന്ന് വ്യക്തമാക്കാമോ;

(സി) മുല്ലപ്പെരിയാർ ജലം ജലസേചനത്തിനല്ലാതെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് തമിഴ്നാട് ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ കരാർ ലംഘന ത്തിന് കേരള സർക്കാർ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) മുല്ലപ്പെരിയാർ ഡാമിൽ 136 അടിയിൽ കൂടുതൽ ജലസംഭരണ ത്തിന് തമിഴ്നാട് അനുമതി കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1986 ലെ പെരിയാർ പാട്ടക്കരാറിൽ കേരളത്തിന് ജലവിഹിതം നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ജലനഷ്ടം സംഭവിച്ചതായി കണക്കാക്കാനാവില്ല. +136 അടിക്ക് മുകളിൽ ജലവിതാനം ഉയരുമ്പോൾ സ്പിൽവേ വഴി ഒഴുകിവരുന്ന ജലം മാത്രമാണ് കേരളം ഉപയോഗപ്പെടുത്തി വരുന്നത്.

(സി) ഉണ്ട്. 1970 ൽ ഒപ്പു വച്ച ഒരു അനുബന്ധക്കരാർ പ്രകാരം വൈദ്യുതി ഉല്പാദനത്തിനും മുല്ലപ്പെരിയാർ ജലം തമിഴ്നാട് ഉപയോഗിക്കു ന്നുണ്ട്.

(ഡി) ഇല്ല.

അനധികൃത വെള്ളം ചോർത്തൽ

30 (2959)ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിലാറ്റിൽ നിന്നും പമ്പാനദിയിൽ നിന്നും തമി ഴ്നാട് അനധികൃതമായി വെള്ളം ചോർത്തുന്നതിനെ സംബന്ധിച്ച് കേരള സർക്കാർ നടപടിയെന്തെങ്കിലും എടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ കക്കി ഡാമിലെത്തേണ്ട ജലം തമിഴ്നാട് തിരിച്ചു വിട്ടു കൊണ്ടു പോകുന്നതു കൊണ്ട് കേരളത്തിൽ വൈദ്യുതി ഉല്പാദന ത്തിൽ ഉണ്ടായ കുറവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അച്ചൻകോവിലാറ്റിൽ നിന്നും പമ്പാനദിയിൽ നിന്നും തമി ഴ്നാട് വെള്ളം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കക്കി റിസർവോയറിന്റെ വൃഷ്ടി പ്രദേശം മുഴുവനും കേരളത്തി ലാണ്. റിസർവോയറിൽ നിന്നും അനധികൃതമായി വെള്ളം തിരിച്ചു കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly